ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

231 [375] ശ്രീ. പി. ജയരാജൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോസ്റ്റലുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്; അവ ഏതെല്ലാം സ്ഥലങ്ങളിൽ എന്നു വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം എത്ര ഹോസ്റ്റലുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ വർഷം പ്രസ്തുത പദ്ധതിയ്ക്കായി ഭവന നിർമ്മാണ ബോർഡ് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) പദ്ധതിയുടെ സാമ്പത്തിക സഹായത്തിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) കേന്ദ്രത്തിൽ നിന്ന് ഈ പദ്ധതിയ്ക്കായി എന്തെങ്കിലും സഹായം ഇതിനകം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) എറണാകുളം (കാക്കനാട്), ഇടുക്കി (മുട്ടം) കോട്ടയം (ഗാന്ധിനഗർ) എന്നീ ജില്ലകളിൽ ഭവന നിർമ്മാണ ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റും ബോർഡ് ഫണ്ടും ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ മുട്ടത്തേയും ഗാന്ധിനഗറിലേയും ഹോസ്റ്റലുകളുടെ പ്രവർത്തനം 2002-2003-ൽ ആരംഭിച്ചു. കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ്, ഇടക്കി എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ പണിയുന്നതിനുള്ള അഭികാമ്യത ഭവന നിർമ്മാണ ബോർഡ് പരിശോധിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലും, കട്ടപ്പനയിലും ഹോസ്റ്റലുകൾ പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷം വിവിധ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾക്കായി 106.30 ലക്ഷം രൂപ ഭവന നിർമ്മാണ ബോർഡിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമീപിച്ചിട്ടുണ്ട്. പണിപൂർത്തിയായി വരുന്ന കാക്കനാട് വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് രണ്ടു ഗഡു ഗ്രാന്റ് ലഭിച്ചു കഴിഞ്ഞു. മൂന്നാം ഗഡുവായി 20.28 ലക്ഷം രൂപ ഉടനെ ആവശ്യപ്പെടുന്നതാണ്.

(ഇ) മുട്ടം, ഗാന്ധിനഗർ, കാക്കനാട് എന്നീ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്ക് നാളിതുവരെയായി 1,76,65,267 രൂപ (ഒരു കോടി എഴുപത്തി ആറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി അറുപത്തി ഏഴ് രൂപ) കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

സീബ്രാലൈൻ രേഖപ്പെടുത്തുവാൻ നടപടി

232 [376] ശ്രീ. ടി. കെ. ദേവകുമാർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി റോഡുകളുടെ ഉപരിതലത്തിൽ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച സീബ്രാലൈൻ കൃത്യമായും രേഖപ്പെടുത്താതിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അന്തർദേശീയ നിയമങ്ങൾ അനുശാസിക്കും വിധത്തിൽ സീബ്രാലൈൻ രേഖപ്പെടുത്തേണ്ട ചുമതല കൃത്യമായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത നിയമം ലംഘിക്കുന്നവരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഈടാക്കുന്നതിന് പകരം കൈക്കൂലി വാങ്ങുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദേശീയപാതയിലും സംസ്ഥാന പാതയിലും ആവശ്യമുള്ള എല്ലായിടത്തും സീബ്രാലൈനുകൾ രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പാതകളിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച നിലവാരത്തിൽ സീബ്രാലൈൻ രേഖപ്പെടുത്താറുണ്ട്.

(ബി) പാതയുടെ ഉപരിതലം പുതുക്കി കഴിയുന്ന മുറയ്ക്ക് സീബ്രാലൈൻ രേഖപ്പെടുത്തുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly